# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *195 07.02.2019 -ൽ മറുപടിക്ക്

## സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച

ചോദ്യം ഉത്തരം

ശ്രീമതി സി.കെ. ആശ
ശ്രീ . ചിറ്റയം ഗോപകുമാർ
'' ജി.എസ്.ജയലാൽ
'' ഇ.ടി. ടൈസൺ മാസ്റ്റർ

ശ്രീ. ഇ.പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ആഗോള വിപണിയിൽ മത്സര ക്ഷമതയുള്ളതും മികച്ച ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങൾ ഉണ്ടാകുന്ന തരത്തിൽ കേരളത്തിലെ ചെറുകിട വ്യവസായ മേഖലയെ കൈപിടിച്ചുയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | എ) | വ്യവസായ മേഖലാടിസ്ഥാനത്തിൽ നടത്തി വരുന്ന സാങ്കേതിക പരിജ്ഞാന ക്ലിനിക്കുകൾ, ടെക്നോളജി മാനേജ്മെന്റ് വികസന പരിപാടികൾ, വെണ്ടേഴ്സ് മീറ്റുകൾ എന്നിവ വഴി നൂതന സാങ്കേതിക വിദ്യകളും, വിപണിയുടെ ആവശ്യകതയും മനസ്സിലാക്കാനും, അതിലൂടെ ഉത്പാദനത്തിലും, വിപണനത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കാനും കഴിയുന്നു.<br>കൂടാതെ കേരളത്തിലെ സൂക്ഷ്മ ചെറുകിട മേഖലയിലെ (SME) സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണി സജ്ജമാക്കുന്നതിലേക്കായിട്ട് വെബ്ബ് പോർട്ടൽ കെ.ബിപ്പ് വഴി രൂപീകരിച്ചിട്ടുണ്ട്. www.keralasme.org and www.keralasme.com എന്നീ domain name ൽ ആരംഭിച്ച വെബ്പോർട്ടലിൽ സംരംഭകരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചുവരുന്നു. പ്രസ്തുത വെബ്ബ്പോർട്ടലിനെക്കുറിച്ച് സംരംഭകരെ ബോധവാൻമാരാക്കാനായി ജില്ലാതലങ്ങളിൽ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംരംഭകർക്ക് ആഗോള വിപണി ലഭ്യമാക്കുന്നതോടുകൂടി ഉൽപ്പന്നങ്ങൾക്ക് ലോകോത്തര നിലവാരവും ഗുണമേന്മയും ഉണ്ടാകും. |
| ബി) | ഒരു വ്യക്തിയുടെ ആവശ്യമെന്നതിലുപരി ഒരു സമൂഹത്തിന്റെ ആവശ്യമാണ് വ്യവസായങ്ങൾ എന്ന തിരിച്ചറിവിലൂടെ ഒരു മികച്ച വ്യവസായ സംസ്കാരം; ഉണ്ടാക്കിയെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | ബി) | വ്യവസായ സംസ്കാരം ഉണ്ടാക്കിയെടുക്കാനും, സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാനും വ്യവസായ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>• **ഇഡിക്ലബ്ബ്**<br>സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കാനും യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന |

| | | | |
|---|---|---|---|
| | | | ക്ലബ്ബുൾ (ഇഡി ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു.<br>• **ഇൻകുബേഷൻ സെന്ററുകൾ**<br>വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br>• **ഇഡിപി (സംരംഭകത്വ വികസന പരിപാടി)**<br>ഒരു സംരംഭം വിജയകരമായി നടപ്പിലാക്കാൻ വേണ്ട സാങ്കേതികപരവും, നേതൃത്വപരവുമായ നൈപുണ്യങ്ങൾ വികസിപ്പിക്കുന്നതിന് ജില്ലാതലങ്ങളിൽ നടപ്പിലാക്കുന്ന പരിപാടി.<br>• **ഇഎപി (സംരംഭകത്വ ബോധവൽക്കരണ പരിപാടി)**<br>സംസ്ഥാനത്തെ വ്യാവസായിക സാദ്ധ്യതകളും, ലഭ്യമായ സൗകര്യങ്ങളും ബോധ്യപ്പെടുത്തി MSME മേഖലയിൽ നവസംരംഭങ്ങൾ സൃഷ്ടിക്കുന്നതിനായി ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ നടത്തുന്ന ബോധവൽക്കരണ പരിപാടി.<br><br>• **ടെക്നോളജി ക്ലിനിക്ക്**<br>MSME മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങൾ പരിചയപ്പെടുത്തുന്നതിനും സാങ്കേതികപരമായ നൂതന ആശയങ്ങളും പ്രവണതകളും സജ്ജമാക്കുന്നതിനും, സംരംഭകർക്ക് സാങ്കേതികപരമായ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വേണ്ടി ജില്ലാതലത്തിൽ സാങ്കേതിക വിദഗ്ധരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പരിപാടി.<br><br>ഒരു മികച്ച വ്യവസായ സാഹചര്യം വാർത്തെടുക്കുന്നതിന്റെ ഭാഗമായി Kerala Single Window Interface for Fast Track & Transparent Clearance(KSWIFT) എന്ന പുതിയ ഓൺലൈൻ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വാണിജ്യ സൗഹൃദ സാഹചര്യം സൃഷ്ടിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടു കൂടി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴു നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 എന്ന പേരിൽ പുതിയ നിയമം നിലവിൽ വന്നു. |
| സി) | മികച്ച സംരംഭകരെ വളർത്തിയെടുക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനങ്ങളും ലോക വിപണിയിലെ മാറ്റങ്ങൾ | സി) | സംസ്ഥാനത്ത് മികച്ച സംരംഭകരെ വളർത്തിയെടുക്കുന്നതിനായി ജില്ലാതലങ്ങളിൽ നടപ്പിലാക്കുന്ന ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് |

| | | | |
|---|---|---|---|
| | ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന ഗവേഷണ സംവിധാനങ്ങളും ലഭ്യമാക്കുമോ; വ്യക്തമാക്കാമോ; | | പരിപാടിയുടെ ഭാഗമായി അന്താരാഷ്ട്ര സംഘടനയായ ILO യുടെ Start Your Business (SYB), Generate Your Business (GYB) ഉടങ്ങിയ ILO പരിശീലനങ്ങൾ സംരംഭകർക്ക് നൽകി വരുന്നു. ഒരു ILO മാസ്റ്റർ ട്രെയ്നറുടെ കീഴിൽ വകുപ്പിലെ ILO പരിശീലകരാണ് പ്രസ്തുത പരിശീലനങ്ങൾ നടപ്പിലാക്കുന്നത്. കെ-ബിപ്പ് മുഖേന വെണ്ടർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, ഡിഫൻസ് കോൺക്ലേവ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ധനസഹായ പദ്ധതിയായ പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം) കെ.എസ്.ഐ.ഡി.സി ആവിഷ്കരിച്ചിട്ടുണ്ട്. |
| ഡി) | വ്യവസായ വളർച്ചയ്ക്കാവശ്യമായ മൂലധനത്തിന്റെ സുഗമമായ ലഭ്യത ഉറപ്പുവരുത്തുന്ന തരത്തിലുള്ള കാഴ്ചപ്പാട് സാമ്പത്തിക സ്ഥാപനങ്ങൾക്ക് പകർന്ന് നൽകുന്നതിന് മുൻകയ്യെടുക്കുമോ; | ഡി) | സംസ്ഥാനത്ത് വ്യവസായ മേഖലയുടെ സുസ്ഥിരമായ വളർച്ചയ്ക്ക് ആവശ്യമായ നിക്ഷേപങ്ങൾ കണ്ടെത്തുന്നതിലേക്കും, നിക്ഷേപ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള സംരംഭകരേയും,സാമ്പത്തികാനുബന്ധ സ്ഥാപനങ്ങളേയും, ഏജൻസികളേയും കൂട്ടിച്ചേർത്തുകൊണ്ട് ജില്ലാതലങ്ങളിലും, താലൂക്ക് തലങ്ങളിലും നിക്ഷേപ സംഗമങ്ങൾ നടത്താറുണ്ട്.പ്രസ്തുത വർക്ക്ഷോപ്പ് വഴി നൂതന പ്രൊപ്പോസലുകൾ രൂപീകരിക്കാറുണ്ട്. |
| ഇ) | കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് ലോകവിപണിയിൽ എത്തിക്കുന്നതിൽ വ്യവസായ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ? | ഇ) | കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ പൊതു സമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി ജില്ലാതലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ/കേരളത്തിന്റെ ഭക്ഷ്യ കാർഷിക ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോൽസാഹിപ്പിക്കുന്നതിനും പ്രസ്തുത യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളെ വിപണിയിൽ പരിചയപ്പെടുത്തുന്നതിനും കേരള അഗ്രോ ഫുഡ് പ്രൊ എന്ന വ്യാവസായിക പ്രദർശന വിപണന മേള എന്നിവ നടത്തിവരുന്നു.<br>കേരളത്തിലെ വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനും വികസനത്തിനും, സംസ്ഥാനത്തിലെ തനതായ ഉല്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും തുടങ്ങി വിവിധ ലക്ഷ്യങ്ങളെ മുൻനിർത്തി 03.12.2018-ലെ സ.ഉ.(സാധാ) നം.1329/2018/വ്യവ ഉത്തരവ് പ്രകാരം **വാണിജ്യ മിഷന്** സർക്കാർ രൂപം നല്കിയിട്ടുണ്ട്.<br>കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം |

| | | | |
|---|---|---|---|
| | | | വ്യവസായ സംരംഭങ്ങളുടെ വളർച്ചയ്ക്കായി എസ്.എം.ഇ പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വെബ് പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭകർക്ക് തങ്ങളുടെ വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളേയും സേവനങ്ങളേയും കുറിച്ച് പ്രചരിപ്പിക്കുന്നതിനും, വ്യാപാര ചർച്ചകൾ നടത്തുന്നതിനും, അതുവഴി ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ